# പ്രകൃതി സംരക്ഷണം സ്പോൺസേർഡ് ആവുന്നു

സുധീർ

പ്രകൃതിസംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിലെ പ്രവർത്തനം ഒരു പ്രതികരണ പ്രവർത്തനത്തിന്റെയോ പ്രതിരോധ പ്രവർത്തനത്തിന്റെയോ അപ്പുറത്ത് ഒരു ജീവിതശൈലി കൂടിയായിരിക്കേണ്ടതുണ്ട്. പ്രകൃതിസംരക്ഷണ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ മുഖ്യമായും വാചകക്കസർത്തുകളായി മാറിക്കൊണ്ടിരിക്കുകയും, അതിലെ ആത്മാർത്ഥതയും ചൈതന്യവും ചോർന്നുപോകുകയും ചെയ്യുന്ന ഒരവസ്ഥയിലാണ് ഇന്ന് ലോകം മുഴുവനും. കേരളും അതിന്റെ നല്ലൊരു ഉദാഹരണമാണ്.

പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള അച്ചടി സാഹിത്യത്തിനും സെമിനാറുകൾക്കും ചർച്ചകൾക്കും വർഷംതോറും കാര്യമായ പുരോഗതിയുണ്ടാകുന്നുണ്ട്. എന്നാൽ ഉറച്ച പ്രതിരോധങ്ങളോ പ്രതിഷേധസമരങ്ങളോ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

പ്രകൃതിസംരക്ഷണ പ്രസ്ഥാനങ്ങൾ ഇന്ന് ഒരുതരം സ്പോൺസേർഡ് പ്രസ്ഥാനങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. പുതുതായി കേരളത്തിൽ രൂപംകൊണ്ടുവന്ന പരിസ്ഥിതി പഠന - ഗവേഷണ - ഗ്രൂപ്പുകളെല്ലാം തന്നെ നേരിട്ടോ പരോക്ഷമായോ വിദേശ ഫണ്ടുകൾ സ്വീകരിക്കുന്നവയാണ്. അവയുടെ പ്രവർത്തകരെല്ലാം തന്നെ സ്റ്റൈപ്പന്റായോ ഹോണറേറിയമായോ ശമ്പളമായോ എന്തെങ്കിലും വരുമാനം സ്വീകരിച്ചുകൊണ്ടാണ് തങ്ങളുടെ പ്രകൃതി സംരക്ഷണ പ്രവർത്തനം നടത്തുന്നത്.

അതുകൊണ്ട് സംഭവിക്കുന്നതെന്താണെന്നുവെച്ചാൽ, പുതിയ തലമുറയിൽപ്പെട്ട പരിസ്ഥിതി സംരക്ഷകരെല്ലാം തന്നെ ഒരു പ്രത്യേക മൂശയിൽ വാർക്കപ്പെട്ടപോലെ ഒരേ രീതിയിൽ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. പ്രകൃതി വിരുദ്ധമായ ഒരു ജീവിതരീതി പിന്തുടരുന്ന ഇന്നത്തെസമൂഹത്തെ അതിൽ നിന്ന് വ്യത്യസ്തമായ ഒരു ജീവിതശൈലി സ്വീകരിക്കാൻ പ്രേരിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യം അവർ ഉപേക്ഷിച്ചുകഴിഞ്ഞു. പകരം, ആധുനിക ജീവിതരീതി മൂലം ഉണ്ടാകുന്ന മാലിന്യങ്ങളെ ഭംഗിയായി സംസ്കരിക്കാൻസമൂഹത്തെ പഠിപ്പിക്കുകയാണ് പുതിയ തലമുറയിലെ പരിസ്ഥിതി പ്രവർത്തകർ ചെയ്യുന്നത്.

ആധുനിക നഗരജീവിയുടെ പല താൽപര്യങ്ങളിൽ ഒരു താൽപര്യം മാത്രമായി 'പാരിസ്ഥിതിക ശ്രദ്ധ' മാറിയിരിക്കുന്നു.

അഞ്ചുമിനിറ്റുകൊണ്ട് കൊറിച്ചുതീരുന്നതും അഞ്ചുരൂപാ വിലയുള്ളതുമായ നൂറുഗ്രാം വറുത്ത കപ്പലണ്ടി, 500 വർഷം മണ്ണിൽ കിടന്നാലും ലയിച്ചുചേരാത്ത പ്ലാസ്റ്റിക് കൂട്ടിലാക്കി നിരത്തിവയ്ക്കുന്ന ഒരു സമൂഹം പ്രകൃതിസംരക്ഷണത്തെക്കുറിച്ച് എന്ത് പ്രതീക്ഷയാണ് നൽകുന്നത്?



പ്രകൃതിയെയല്ല പ്രകൃതിസംരക്ഷണം എന്ന ആശയത്തെയാണ് പലരും സ്നേഹിക്കുന്നത്. അതുകൊണ്ടാണ്, ഒരു മരത്തെ രക്ഷിയ്ക്കാനുള്ള സമരത്തിൽ നാലു മരത്തിൽ നിന്നുണ്ടാക്കിയ കടലാസിൽ നമുക്ക് നോട്ടീസടിയ്ക്കാനാവുന്നത്.

പ്രകൃതി സ്നേഹത്തെ ഒരു ജീവിതശൈലിയായി കാണുകയും ആ വീക്ഷണം പകർന്നുകൊടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന, കൈവിരലിലെണ്ണാവുന്ന, ചില പ്രസ്ഥാനങ്ങളെ മറന്നുകൊണ്ടല്ല ഇതു പറയുന്നത്. അത്തരം ചിലരുണ്ട്, അവരാകട്ടെ നമ്മുടെ മാതൃകകൾ. □


**തോന്ന്യാക്ഷരം**

എഴുതിത്തുടങ്ങുന്നവർക്കായി
കേരളീയം ആരംഭിക്കുന്ന
പുതിയ പംക്തി

കവിതകൾ,
ചെറുകഥകൾ,
കാർട്ടൂണുകൾ,
ഇന്നത്തെ രാഷ്ട്രീയ-സാമൂഹിക
അവസ്ഥകളെക്കുറിച്ചുള്ള
ഹ്രസ്വവും തീക്ഷ്ണവുമായ
കമന്റുകൾ
എന്നിവ അയക്കുക

പ്രസിദ്ധീകരിക്കാത്ത
മാറ്ററുകൾ തിരിച്ചയക്കുന്നതല്ല

പത്രാധിപർ
കേരളീയം
തൃശൂർ-4